പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നടപടി

12 (*778) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെക്കുറിച്ചും അവരുടെ ജീവിത നിലവാരത്തെക്കുറിച്ചും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം അറിയിക്കാമോ ;

(സി) ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെക്കുറിച്ച് പഠിക്കുന്നതിന് 1990-ൽ ഫിഷറീസ് വകുപ്പ് ഒരു സർവ്വേ നടത്തിയിട്ടുണ്ട്. കേരളത്തിൽ ആകെ 8.4 ലക്ഷം മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നും, അതിൽ 6.5 ലക്ഷം പേർ കടൽ മേഖലയിലും 1.90 ലക്ഷം പേർ ഉൾനാടൻ മേഖലയിലും പ്രവർത്തിക്കുന്നുണ്ടെന്നും കണ്ടെത്തി. 1.3 ലക്ഷം മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉള്ളത്. മത്സ്യത്തൊഴിലാളികളിൽ 53.7% പേർ 18 വയസിനും 59 വയസിനും ഇടയിലാണ്. സ്ത്രീ-പുരുഷ അനുപാതം 946:1000 ആണ്. 39.61% പേർ വിവാഹിതരും 56.98% പേർ അവിവാഹിതരും മറ്റുള്ളവർ 3.71 ശതമാനവുമാണ്. 61 ശതമാനം പേരും സാക്ഷരരാണ്. 94.73 ശതമാനം പേർക്ക് സ്വന്തം വീടും 52.88% പേർക്ക് സ്വന്തം കിണറും ഉണ്ട്.

(സി) ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

1. തീരസമൃദ്ധി
2. സമ്പാദ്യ സമാശ്വാസ പദ്ധതി
3. ഭവനനിർമ്മാണ പദ്ധതി
4. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ്
5. മത്സ്യബന്ധന തുറമുഖങ്ങളുടേയും ഹിഷ് ലാന്റിംഗ് സെന്ററുകളുടെയും നിർമ്മാണവും നവീകരണവും
6. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ആരോഗ്യ സുരക്ഷാ പദ്ധതി
7. നാടൻ വള്ളങ്ങൾക്ക് യന്ത്രം ഘടിപ്പിക്കാൻ ധനസഹായം
8. വല വാങ്ങുന്നതിന് ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly